(എ) വൈക്കം ഗവൺമെൻറ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ എക്സ്റേപ്ലാൻറ് വളരെ പഴയതും മിക്ക അവസരത്തിലും കേടു സംഭവിക്കുന്നതുമായതിനാൽ ഇത് മാറി പകരം കൂടുതൽ സൗകര്യങ്ങളുള്ള പുതിയ പ്ലാൻറ് അനുവദിക്കണമെന്നു പറഞ്ഞ് ആശുപത്രി വികസന സമിതി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) വൈക്കം ഗവൺമെൻറ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി വികസന സമിതിയുടെ അപേക്ഷ കിട്ടിയിട്ടില്ല. ആശുപത്രി സൂപ്രണ്ടിൻെറ അപേക്ഷയിൽമേൽ ഒരു 300 എം. എ. എക്സ്റേ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം ഗവൺമെൻറ് പരിഗണിച്ചു വരുന്നു.

അട്ടപ്പാടിയിൽ ആയുർവേദ ചികിൽസാ സൗകര്യം

765 [927] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കേന്ദ്രമായ അട്ടപ്പാടിയിൽ ആയുർവേദ ചികിൽസാ സൗകര്യം ഇപ്പോഴുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയുർവേദ ചികിൽസാ സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

അയർപട്ടണം ആയുർവേദാശുപത്രി

766 [928] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) അയർപട്ടണം ആയുർവേദാശുപത്രിക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയതിനുശേഷം അതിൻെറ പണി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം ഈ ആശുപത്രിക്കുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അയർപട്ടണം ആയുർവേദാശുപത്രി എന്ന ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ അയർകുന്നം ആയുർവേദ ഡിസ്പെൻസറിക്കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ വർക്സ്

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത് അതിനാൽ കെട്ടിടം പണിക്ക് ആവശ്യമായ തുക ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു വരുന്നു.

മൂഴൂർ ആയുർവേദാശുപത്രി

767 [929] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മൂഴൂർ ആയുർവേദാശുപത്രിയോടനുബന്ധിച്ച് 10 ബെഡ്ഡുകളോടുകൂടിയ വാർഡ് പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പണിക്ക് 1,75,000 രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ധനലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

ആയുർവേദ ആശുപത്രികളിൽ മരുന്നിന്റെ ദൗർലഭ്യം

768 [930] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ആയുർവേദ കോളേജിലെ ജലക്ഷാമം

769 [931] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിൽ ജലദൗർലഭ്യം ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly